(സി) ഉണ്ട്.

(ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഇ) ഇല്ല.

(എഫ്)ഉദിക്കുന്നില്ല.

31 (31) അഡ്വക്കേറ്റ് ജനറൽ വാദിച്ചിട്ടുള്ള കേസ്സുകൾ

ശ്രീ. കെ.പി. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇപ്പോഴത്തെ അഡ്വ. ജനറൽ 1999 ജനുവരി 31 വരെ ഹൈക്കോടതിയിലും സുപ്രീംകോടതിയിലും എത്ര കേസ്സ് വീതം വാദിച്ചിട്ടുണ്ട്;

(ബി) ഇവയിൽ എത്ര കേസ്സ് ജയിച്ചിട്ടുണ്ട്;

(സി) വാദിച്ച എല്ലാ കേസ്സുകൾക്കുമായി എത്ര ദിവസം ഹൈക്കോടതിയിൽ ഇദ്ദേഹം ഹാജരായിട്ടുണ്ട്;

(ഡി) സുപ്രീംകോടതിയിൽ എത്ര ദിവസം ഹാജരായിട്ടുണ്ട്;

(ഇ) കേസ്സ് വാദിച്ചതിന് ഫീസിനത്തിൽ എത്ര രൂപ അദ്ദേഹം ഇതുവരെ കൈപ്പറ്റിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)മുതൽ (ഡി)വരെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) അഡ്വ. ജനറലിന് ഹൈക്കോടതിയിൽ ഒരു ദിവസം കേസ്സ് വാദിക്കുന്നതിന് 1000 രൂപയും സുപ്രീംകോടതിയിൽ ഹാജരാകുന്നതിന് ഒരു ദിവസം 1680 രൂപയുമാണ് ഫീസായി നിശ്ചയിച്ചിട്ടുള്ളത്. നാളിതുവരെ അദ്ദേഹത്തിന് ഫീസിനത്തിലും കോൺഫറൻസുകളിൽ പങ്കെടുത്തതിനും വേണ്ടി 5,90,588 രൂപ കൊടുത്തിട്ടുണ്ട്.

32 (32) ഔദ്യോഗികവാഹനങ്ങളിലെ ചുവന്ന ലൈറ്റ്

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഔദ്യോഗിക വാഹനങ്ങളിൽ ചുവന്ന ലൈറ്റ് പ്രകാശിപ്പിക്കുന്നതിന് അനുവാദം നൽകിയിട്ടുള്ളത് ആരുടെയൊക്കെ വാഹനങ്ങളിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് ഈയിടെ സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഉത്തരവിൽ പറഞ്ഞിട്ടില്ലാത്തവർ ഔദ്യോഗിക വാഹനങ്ങളിൽ ഘടിപ്പിച്ചിരിക്കുന്ന ചുവന്ന ലൈറ്റുകൾ നീക്കം ചെയ്തുവെന്ന് സർക്കാർ ഉറപ്പുവരുത്തിയിട്ടുണ്ടോ;

(ഡി) ഇനിയും പ്രസ്തുത ഉത്തരവ് പാലിക്കാത്തവർ ആരൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1. ഗവർണ്ണർ

2. മുഖ്യമന്ത്രി

3. സ്പീക്കർ

4. ഹൈക്കോടതി ചീഫ് ജസ്റ്റീസ്

5. മന്ത്രിമാർ

6. പ്രതിപക്ഷനേതാവ്

7. ഗവൺമെന്റ് ചീഫ്‌വിപ്പ്

8. ഡെപ്യൂട്ടി സ്പീക്കർ

9. ചീഫ് സെക്രട്ടറി, എന്നീ വിശിഷ്ട വ്യക്തികളുടെ ഔദ്യോഗിക വാഹനങ്ങൾക്കും അവരുടെ അകമ്പടി വാഹനങ്ങൾക്കും മുകളിൽ ചുവന്ന ലൈറ്റ് പ്രദർശിപ്പിക്കുവാൻ അനുവാദം നൽകിയിട്ടുണ്ട്. കൂടാതെ ഹൈക്കോടതി ജഡ്ജിമാരെക്കൂടി മുകളിൽ പറഞ്ഞിരിക്കുന്ന ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ സർക്കാർ തീരുമാനിക്കുകയും അതനുസരിച്ചുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) പ്രസ്തുത നോട്ടിഫിക്കേഷന് വിരുദ്ധമായി ചുവന്ന ലൈറ്റ് ഘടിപ്പിക്കുന്നത് ശിക്ഷാർഹമാണ്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

33 (33) ഹർത്താൽ ദിവസം നടത്തിയ ജാഥ

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹർത്താൽ ദിവസം ഇടതുമുന്നണി പ്രവർത്തകർ തിരുവനന്തപുരത്ത് പ്രകടനം നടത്തിയത് പോലീസിന്റെ ആജ്ഞ ലംഘിച്ചുകൊണ്ടായിരുന്നുവെന്ന് പോലീസ് ഡയറക്ടർ ജനറൽ ഹൈക്കോടതി മുമ്പാകെ ബോധിപ്പിച്ചിട്ടുണ്ടോ;

(ബി) തിരുവനന്തപുരം എം.ജി. റോഡിൽ പ്രകടനം നടത്തുന്നതിന് കോടതി നിയന്ത്രണം എന്തെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) കോടതി ഏർപ്പെടുത്തിയ നിയന്ത്രണം ലംഘിച്ചോ; നിയന്ത്രണം നിലവിലുള്ള സമയത്തോ ഹർത്താൽ ദിവസം എം.ജി. റോഡിൽ ഇടതുമുന്നണി പ്രവർത്തകർ ജാഥ നടത്തിയിരുന്നുവോ;

(ഇ) എങ്കിൽ കോടതി ഉത്തരവ് നടപ്പാക്കുന്ന കാര്യത്തിൽ ഗവൺമെന്റ് പരാജയപ്പെടാനുണ്ടായ സാഹചര്യം വിശദമാക്കുമോ?

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

203/2010.

LIBRARY ARCHIVES Kerala Legislative Assembly